
# THE BIBLE TRUTH



# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S. E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE | J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 10 | August 1996 | No. 5

## എഡിറേറാറിയൽ

മതത്തിലും രാഷ്ട്രീയത്തിലും നിയമങ്ങളും അനുഷ്ഠാനങ്ങളും മാറിക്കൊണ്ടിരിക്കുന്നു. സാമൂഹ്യസാംസ്കാരിക സംഘടനകളുടെ കാര്യത്തിലും അതു വാസ്തവം ആണ്. എന്തുകൊണ്ട് അവയെല്ലാം മാറിക്കൊണ്ടിരിക്കുന്നു എന്നു നാം ഓരോരുത്തരും ചിന്തിക്കേണ്ടതാണ്. കാരണം മനുഷ്യബുദ്ധിയിൽ നിന്ന് ഒരിക്കൽ ഉടലെടുത്ത തീരുമാനമായതുകൊണ്ടാണ്. പിൽക്കാലത്ത് അവയുടെ പ്രസക്തി ഇല്ലാതാകുന്നു. മനുഷ്യരുടെ ചിന്താശക്തി വിഭിന്നമായതുകൊണ്ടാണ് എന്നു പറയാറുണ്ട്. പക്ഷെ എല്ലാ കാര്യത്തിലും ഇതുണ്ടാകുന്നുമില്ല എന്നതാണ് വാസ്തവം. മനുഷ്യർ തങ്ങൾക്കു ലഭിച്ച അറിവ് വെച്ചുകൊണ്ടാണ് നിയമങ്ങൾ ഉണ്ടാക്കുന്നത്. അവർക്കു കിട്ടിയ അനുഭവവെളിച്ചങ്ങൾ ഇതിനു നിദാനമായി തീരുന്നു. പക്ഷെ എല്ലാ കാര്യങ്ങളിലും എല്ലാ കാലത്തേക്കും അതു പ്രായോഗികമല്ല എന്നത് പിന്നീട് തെളിയുന്നു.

ഈ നിയമങ്ങളിലും ആചാരങ്ങളിലും പോരായ്മകൾ ഉണ്ട് എന്നു നാം സമ്മതിച്ചേ തീരൂ. അതുകൊണ്ടാണല്ലോ മാറേണ്ടി വരുന്നത്. എല്ലാ മാനുഷ നിയമങ്ങളിലും അതിന്റേതായ പഴുതുകൾ ഉണ്ട് എന്ന് പറയാം. അതായത് ന്യായത്തെ അന്യായമായി മാററുവാനും അന്യായത്തെ ന്യായമായി മാററുവാനും ഇടയാകും എന്നർത്ഥം. ന്യായത്തെ അന്യായമായി കാണുന്നതും അന്യായത്തെ ന്യായമാ

യി കാണുന്നതും മനുഷ്യർക്കിടയിലെ സാധാരണ സംഭവമാണ്. അനീതിയും ദുഷ്ടതയും വർദ്ധിക്കുവാനുള്ള കാരണവും ഇതു തന്നെ. അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ തങ്ങളുടെ വ്യക്തിപ്രഭാവം കാണിക്കുവാൻ ആഗ്രഹിക്കുന്നു. അതിനായി അവർ ഉണ്ടാക്കുന്ന നിയമാവലികൾ പിന്നീട് വരുന്നവർ ത്യജിക്കുന്നു. അതിനു പകരം അവർ വേറെ നിയമാവലികൾ കൊണ്ടുവരുന്നു. മൽസരമാണോ അതോ കഴിവ് പ്രകടിപ്പിക്കലോ എന്താണ് ഇതിൻെറ പിന്നിലെങ്കിലും സാധാരണക്കാർക്കു വിഷമമുണ്ടാക്കുന്നു.

എന്താണ് ഇതിൻെറ പ്രതിവിധി? പ്രാവർത്തികമാക്കുവാൻ പര്യാപ്തമായ ദൈവിക നിയമങ്ങൾ തിരുവെഴുത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. അവ കണ്ടെത്തി സ്വീകരിക്കുവാൻ അദ്ധ്യക്ഷന്മാർ ശ്രമിക്കണം. കാലാനുഗതമായി യാതൊരു മാററവും ആവശ്യമില്ലാത്ത നിയമങ്ങളാണ് അവ. ഭൗതികമായി എത്ര ഉയർന്നാലും അടിസ്ഥാനപരമായ ചിന്തകളോ സ്വഭാവങ്ങളോ മാറാത്ത മനുഷ്യന് എന്നും ഉപകാരപ്പെടുന്ന പ്രമാണങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ നിങ്ങൾക്കു കണ്ടെത്താം. അതു വായിച്ച് ഗ്രഹിച്ചു ജീവിക്കുകയും അതു മററുള്ളവർക്കു അനുസരിപ്പാൻ അവസരം ഒരുക്കുകയും ചെയ്യണം. അടിസ്ഥാനപരമായ ചിന്തകളും സ്വഭാവങ്ങളും സ്ഥിരമായ പ്രമാണങ്ങൾക്കു വിധേയമായി മാററാതെ എന്തു വികസനം ഒരു രാജ്യത്തിൽ കൈവരിച്ചാലും അതു നിലനില്ക്കുകയില്ല. യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ടു ജീവിതത്തെ മുൻപോട്ടു നയിക്കുവാൻ എല്ലാവരും ശ്രമിക്കണം. നമ്മൾ എല്ലാവരും അതിനു തയ്യാറാകണം.

★

# ക്രിസ്തുവിൻെറ രണ്ടാം വരവ്

## J. C. ചോട്ട്

യേശു ജഡത്തിൽ വെളിപ്പെടുകയും ക്രൂശിൽ മരിക്കയും ചെയ്തു എന്ന് നമുക്കറിയാം. കല്ലറയിൽ അവൻെറ ശരീരം അടക്കം ചെയ്കയും മൂന്നാം നാം ഉയിർത്തെഴുന്നേൽക്കയും ചെയ്തു. തന്നെയുമല്ല അവൻ സ്വർഗ്ഗാരോഹണം ചെയ്തു പിതാവിൻെറ വലതുഭാഗത്തേക്കു പോയതുപോലെ വീണ്ടും വരുമെന്നുള്ള വാഗ്ദാനവും ബൈബിളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട് (1കൊരിന്ത്യർ 15: 1-4; പ്രവൃത്തി 1:9-11). ഇതു മുൻകൂട്ടി യേശു വെളിപ്പെടുത്തുകയുണ്ടായി. ''യേശു യെരുശലേമിലേക്കു യാത്രചെയ്യുമ്പോൾ പന്ത്രണ്ടു ശിഷ്യന്മാരെയും വേറിട്ടു കൂട്ടിക്കൊണ്ടു വഴിയിൽ വെച്ചു അവരോടു പറഞ്ഞു: നാം യെരുശലേമിലേക്കു പോകുന്നുവല്ലോ; അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും ഏല്പിക്കപ്പെടും; അവർ അവനു മരണശിക്ഷ കല്പിച്ചു, പരിഹസിപ്പാനും തല്ലുവാനും ക്രൂശിപ്പാനും അവനെ ജാതികൾക്കു ഏല്പിക്കും. എന്നാൽ മൂന്നാം നാം അവൻ ഉയിർത്തെഴുന്നേൽക്കും'' (മത്തായി 20:17-19).

ക്രിസ്തുവിൻെറ വീണ്ടും വരവിനെക്കുറിച്ച് ധാരാളം കാഴ്ച്ചപ്പാടുകൾ ഇന്ന് ഉണ്ട്. യേശു ക്രൂശിൽ മരിച്ചിട്ടില്ല എന്നു വിശ്വസിക്കുന്നവരും ഇല്ലാതില്ല. വേറെ ചിലർ കരുതുന്നത് അവൻ ക്രൂശിൽ മരിച്ചപ്പോൾ അതോടെ എല്ലാവരും മരിക്കുന്നതുപോലെ അവൻ മരിച്ചുപോയി എന്നാണ്. അതു സത്യമാണെങ്കിൽ ക്രിസ്തു വീണ്ടും വരികയില്ലല്ലോ. ഇങ്ങനെ നിരവധി സംശയങ്ങളിലും തോന്നലുകളിലും ഉള്ളവർ ഉണ്ട്. നമ്മുടെ സാമാന്യ ബുദ്ധി ഉപയോഗിച്ച് സത്യമായ വസ്തുതകളെ പരിശോധിച്ച് കണ്ടെത്താവുന്നതാണ്.

യേശുക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ സംശയിക്കുന്ന ആളുകൾ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ വിശുദ്ധ രേഖകളെയാണ് അവർ നിഷേധിക്കുന്നത് എന്നോർക്കുക. എല്ലാവർക്കും പരിശോധിച്ചു മനസിലാക്കാവുന്ന പരസ്യമായ മറ്റെല്ലാ വസ്തുതകളെയും അവർ തള്ളിക്കളയുകയാണ് ചെയ്യുന്നത്. വിവേചനഹൃദയം ഇല്ലാത്തവരാണ് സത്യത്തെ അടച്ചു കളയുന്നത്. അവർ വിശ്വസിച്ചില്ലെങ്കിലും ദൈവത്തിന്റെ വിശ്വസ്തതക്കു നീക്കം വരികയില്ല. കാര്യകാരണ സഹിതം വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ മനുഷ്യരുടെ അന്ധബുദ്ധിയെ തുറക്കേണ്ടതിനു അവർ മനസു വെക്കുന്നില്ല.

ബൈബിൾ ദൈവശ്വാസീയമായ വചനമാണെന്നും അതിൽ സത്യമാണ് അടങ്ങിയിരിക്കുന്നതെന്നും ഉള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നത് സത്യമാണെന്നും മനസിലാക്കി തരുവാൻ ഉദ്ദേശിച്ച് എഴുതിയിട്ടുള്ള ലേഖനമാണ് ഇത്.

എന്നാൽ എപ്പോഴാണ് ക്രിസ്തു വീണ്ടും വരുന്നത്? ക്രിസ്തു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പിതാവിന്റെ അടുക്കൽ പോയിട്ട് ഏതാണ്ട് രണ്ടായിരം വർഷങ്ങൾ കഴിഞ്ഞു. അതുകൊണ്ട് ഇനി ക്രിസ്തു വരാനൊന്നും പോകുന്നില്ല എന്നാണ് ചിലർ വിചാരിക്കുന്നത്. അപ്പൊസ്തലൻമാരും ആദിമക്രിസ്ത്യാനികളും ക്രിസ്തു വീണ്ടും വരുമെന്നു പറഞ്ഞ വാഗ്ദാനം വിശ്വസിക്കുകയും അവൻ ഏതു സമയത്തും വരുമെന്ന് അവർ പ്രസ്താവിക്കയും ചെയ്തിരുന്നു. എന്നാൽ അവരുടെ കാലയളവിൽ അവൻ വരാതിരുന്നതുകൊണ്ട് അവരുടെ വിശ്വാസവും പ്രസ്താവനയും വെറുതെയായൊ? ഒരിക്കലുമില്ല. കർത്താവിന് ഒരു ദിവസം ആയിരം സംവൽസരം പോലെയും ആയിരം സംവൽസരം ഒരു ദിവസം പോലെയും

ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത് (2 പത്രോസ് 3:8). അന്ന് അവരോട് പ്രസ്താവിച്ചതു വേഗം വരുമെന്നായിരുന്നു. നമ്മളും അതു തന്നെ വിശ്വസിച്ചു കാത്തിരിക്കുന്നു. എന്നാൽ നിത്യതയുമായി താരതമ്യം ചെയ്യുമ്പോൾ കർത്താവിന്റെ വരവ് എപ്പോഴായാലും അതു ചുരുങ്ങിയ കാലയളവു തന്നെയാണ്. കർത്താവ് വേഗം വരുമെന്നതിന് ഏതാനും ദിവസങ്ങൾക്കകം എന്നോ, ഏതാനും വർഷങ്ങൾക്കകം എന്നോ അർത്ഥം വരുന്നില്ല. വാസ്തവത്തിൽ ആ പ്രസ്താവനയെ ഒരിക്കലും തെററിധരിക്കേണ്ട ആവശ്യമില്ല. കർത്താവ് എല്ലായ്പ്പോഴും ജീവിക്കുകയും എന്നേക്കും ഇരിക്കയും ചെയ്യുന്ന വ്യക്തിയാണല്ലോ.

തന്റെ വീണ്ടും വരവിന്റെ മുന്നറിയിപ്പ് തള്ളിക്കളയുന്നതു തികച്ചും അനുചിതം തന്നെ. കാര്യകാരണസഹിതം വിവേചിച്ചാൽ മുൻപ്രസ്താവനകളും വാഗ്ദാനങ്ങളും പ്രവചനങ്ങളും എല്ലാം നിറവേറി എന്നു കാണാവുന്നതാണ്. ദൈവത്തിന്റെ മനസ്സ് ഗ്രഹിക്കുന്നവൻ ആർ? നമ്മുടെ ചിന്തകളനുസരിച്ചല്ല ദൈവം ഓരോന്നു പ്രവർത്തിക്കുന്നത്. ദൈവത്തിന്റെ നിത്യതയുടെ ഭാഗമായി കർത്താവ് രണ്ടാമതു വരുക തന്നെ വേണം. ദൈവം സത്യവാൻ എന്നു നാം തിരിച്ചറിയണം. അവനിൽ ഭോഷ്ക്ക് അശേഷമില്ല എന്നതും വിസ്മരിക്കരുത്.

പത്രോസ് അന്ന് പ്രസ്താവിച്ച വസ്തുതകൾ നാം ഈ അവസരത്തിൽ പരിഗണിക്കേണ്ടതാണ്. "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ പിതാക്കന്മാർ നിദ്രയായ ശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു എന്നു പറഞ്ഞു സ്വന്ത മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്തു വരുമെന്നു വിശേഷാൽ അറിഞ്ഞുകൊള്ളുവിൻ. "ആകാശവും വെള്ളത്തിൽ നിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ടു ദൈവത്തിന്റെ

വചനത്താൽ ഉണ്ടായി എന്നും അതിനാൽ അന്നുള്ളലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചു ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിക്കാനുള്ള ദിവസത്തെക്കു കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നു കളയുന്നു (2പത്രൊസ് 3;3-7). ദൈവാത്മാവിൽ അപ്പൊസ്തലർ നടത്തിയ പ്രവചനം സംഭവിച്ചു കൊണ്ടിരിക്കയാണ്. ദൈവത്തിന്റെ ചിന്ത ഇന്നതെന്നു ഗ്രഹിക്കാതെയാണ് ഇത്തരം പരിഹാസങ്ങൾ തൊടുത്ത് വിടുന്നത്. മനുഷ്യൻ വിശ്വസിച്ചാലും ഇല്ലെങ്കിലും ദൈവം സത്യവാൻ എന്നതിനു തർക്കമില്ല.

ഒന്നാം നൂററാണ്ടിൽ കർത്താവിന്റെ വരവ് സംഭവിക്കാത്തതു കൊണ്ട് ഇനി വരാൻ പോണില്ല എന്നു പറയുന്നവരെ പത്രൊസ് ഓർപ്പിക്കുന്നത് ജലപ്രളയമാണ്. ജലപ്രളയം ഉണ്ടാകുമെന്നു പറഞ്ഞതു ദൈവമായിരുന്നല്ലൊ. ആദൈവത്തിന്റെ വചനമാണ് പറയുന്നത് അവൻവീണ്ടും വരുമെന്ന്. ഈ ലോകത്തെ തീക്കായി നീക്കി വച്ചിരിക്കയാണെന്നും അതേ വചനം തന്നെയാണ് പറയുന്നത്. അന്നത്തെ ജലപ്രളയത്തെയും അതിന്റെ പ്രത്യാഘാതത്തെയും ഇന്നത്തെ പരിഹാസികൾ മനസിലാക്കുന്നത് നന്നായിരിക്കും. നീക്കുപോക്കില്ലാത്ത തിരുവെഴുത്ത് മുൻകൂട്ടിപറഞ്ഞിരിക്കുന്നതെല്ലാം സംഭവിക്കുക തന്നെ ചെയ്യും. അന്നു ഇവരുടെ ചിന്തകളും അവസാനിക്കും എന്നോർക്കുക. ദൈവവചനത്തെ നിഷേധിക്കുന്നത് ദൈവത്തെ നിഷേധിക്കുന്നതിനു തുല്യമാണ്.

കർത്താവിന്റെ രണ്ടാംവരവിനെ കുറിച്ചു പറയുമ്പോൾ മതപരമായ ആളുകളിൽചിലർ അതിരു കടക്കാറുമുണ്ട്. അവന്റെ ദൃശ്യമായ വരവിനെ കുറിച്ച് അവർ നിരന്തരം സംസാരിക്കും അവനെ മുഖാമുഖമായി കാണുവാൻ അവർ ആവേശഭരിതരായിരിക്കുന്നു എന്ന ആശയമാണ് അവർ പ്രചരിപ്പിക്കുന്നത്. ഖേദകരമായ വസ്തുത എന്തെന്നാൽ ഈ പറയുന്നവരുടെ ഉപദേശം, ആരാധന, നാമങ്ങൾ എന്നിവ തിരുവചനത്തിനു വിരുദ്ധമായി നിലനില്ക്കുന്നു എന്നതാണ്. കർത്താവിന്റെ ഉപദേശത്തെ അവഗണിച്ചു കൊണ്ടാണ് അവർ അവന്റെ വരവിന്നായി കാത്തിരുന്നത് എന്നർത്ഥം. അവരെ പോലെ എല്ലാവരും കർത്താവിനെ കാണുവാൻ ആഗ്രഹിക്കുന്നവരല്ല. അവർ കർത്താവിന്നായി കാത്തിരിക്കുന്നു എങ്കിലും അവന്റെ വരവിന്നായി അവർ യഥാർത്ഥത്തിൽ ഒരുങ്ങിയിട്ടില്ല. അവന്റെ വരവിൽ അവനെ കാണുമ്പോൾ അതു മനസിലാക്കുന്നവർക്കു ആഹ്ലാദമുണ്ടാക്കുന്ന സമയമായിരിക്കും അതു. കർത്താവ് അവരെ സ്വീകരിക്കുന്നതിനു പകരം ത്യജിക്കുകയായിരിക്കും ചെയ്യുക.

കർത്താവ് ഈ ലോകത്തിൽ നാം ജീവിച്ചിരിക്കുമ്പോഴോ അതിനു ശേഷമോ വരാം. വരും എന്നത് തീർച്ചയാണ്. പക്ഷെ നമ്മുടെ കടമ അതിനായി നാം ഒരുങ്ങുക എന്നതാണ്. ഇവിടെ നിന്നും പോയാൽ പിന്നെ ഒരുക്കം സാദ്ധ്യമല്ല. ഇപ്പോഴാണ് കർത്താവിന്റെവരവിനായും ന്യായവിധിക്കായും ഒരുങ്ങുവാനുള്ള സമയം. നഷ്ടപ്പെടുത്തരുത്. അവസരം നമുക്കായി കാത്തിരിക്കാത്തതുകൊണ്ടു അവസരത്തിനൊത്ത് ഉണർന്നു ചിന്തിക്കുക. കർത്താവിന്റെ ദീർഘക്ഷമ രക്ഷ എന്നു വിചാരിക്കുക. കർത്താവിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരമായ ഒന്നാണ്.

★

കവിത

# തൂക്കണാം കുരുവി

E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

കുഞ്ഞിളം കുരുവികളേ ചിറകടിച്ചോടുവതു,
കൂട്ടിലോ കാട്ടിലോ പാഴ്മരക്കൊമ്പിലോ.
കേൾക്കട്ടെ നിങ്ങടെ തേൻമൊഴി ശബ്ദമോ,
കാതിൽ ഒലിക്കുമ്പോൾ നേരം വെളുക്കുമേ.

കാലികൾകൂട്ടുമാ കാക്കക്കുറുമ്പികൾ,
കൊത്തിതുരത്തുന്നു കുഞ്ഞിക്കുരുവിയെ.
കൊററിനുവല്ലതും കിട്ടുമെന്നാശിച്ചു,
ഉണ്ടിളം നെൽമണി കൊത്തിയെടുത്തുപോയ്.

കുററംപറയുവാൻ കൊത്തിതുരത്തുവാൻ,
പക്ഷംപിടിക്കുന്ന കാക്കയും കൊക്കുമായ്.
പാറിപ്പറക്കുന്നു മണ്ടയിൽ കൊത്തുവാൻ,
എന്തിനു ചങ്ങാതി ചുമ്മാതെ ചുററുന്നു.

കേതാരരാജൻ ഉരചെയ്തു ഞങ്ങളോ,
ആരും തൊടാതെൻെറ നെൽമണി വിത്തിനെ.
എല്ലുമുറിയെപ്പണി ചെയ്തതല്ലയോ,
കണ്ടാൽകൊതിക്കുന്ന നെൽമണിമുത്തിനെ.

നാൾതോറും ഞങ്ങളെ കണിയിൽ കുടുക്കുവാൻ,
വെമ്പൽ പിടിക്കുന്ന കുഞ്ഞിപ്പരുന്തിനെ.
കണ്ടാലറിയുന്ന മേദാരരാജനെ,
കാത്തുരക്ഷിക്കണേ നിൻ കരത്തണ്ടിനാൽ.

# രക്ഷക്കു വചനപ്രകാരമുള്ള നിബന്ധനകൾ

## W. A. ഹോമ്മ

"എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു" (2 തിമൊഥെയോസ് 3:16-17). ദൈവ മക്കളുടെ ജീവിതത്തിനു അത്യന്താപേക്ഷിതമായതെല്ലാം ഉൾപ്പെടുത്തിയാണ് ദൈവം തന്റെ വചനം രൂപപ്പെടുത്തിയിരിക്കുന്നത്. അതിൽ കുറവോ കൂടുതലോ കാണുകയില്ല. നാം അതു പ്രയോജനപ്പെടുത്തണമെന്നു മാത്രം.

ഒരുവൻ പ്രസംഗിക്കുന്നുവെങ്കിൽ അവൻ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കട്ടെ. ദൈവിക കാര്യങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ മനുഷ്യന്റെ ജ്ഞാനമല്ല സംസാരിക്കേണ്ടത്. മനുഷ്യന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രെ. എല്ലാവരും വിശ്വസിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ വചനം സത്യമാകുന്നു (1 പത്രോസ് 4:11; റോമർ 3:3-4; യോഹന്നാൻ 3:33).

മനുഷ്യകല്പനകളാലും ഉപദേശങ്ങളാലും സത്യത്തോടു അന്ധത പുലർത്താൻ സാദ്ധ്യതയുണ്ട് (മത്തായി 13:13-15). ചിലർ അവരുടെ ഹൃദയത്തിൽ വിഗ്രഹങ്ങളായാണ് ദൈവത്തിന് പകരം വെച്ചിരിക്കുന്നത്. എന്നാൽ യാഥാർത്ഥ്യത്തെ അവർ അറിയുന്നില്ല. ജീവനുള്ള ദൈവത്തെ അറിയുവാൻ നല്കപ്പെട്ട സത്യം അവരിൽ ഇല്ലാത്തതു കൊണ്ട് അവർ അന്ധതയിലാണ് (യെഹെസ്കേൽ

14:3). ദൈവാലയത്തിലേക്ക് പോകുമ്പോൾ കാൽ സൂക്ഷിക്കുക. മൂഢന്മാർ യാഗം അർപ്പിക്കുന്നതിനെക്കാൾ അടുത്തു ചെന്ന് കേൾക്കുന്നതു നല്ലത് (സഭാപ്രസംഗി 5:1).

മനുഷ്യരെ കലക്കിക്കൊണ്ടിരിക്കുന്ന അനേകായിരം ശബ്ദങ്ങളുടെ മദ്ധ്യേ ദൈവത്തിന്റെ സത്യം കേട്ടു ഗ്രഹിക്കത്തക്ക രീതിയിൽ വെളിപ്പെടുത്തിയിരിക്കുന്നു (എഫെസ്യർ 3:3-4; 5:17). ബുദ്ധിഹീനരാകാതെ ദൈവഹിതം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ. വിശ്വാസം ജനിക്കണമെങ്കിൽ ഒരാൾ സുവിശേഷം കേൾക്കണം (റോമർ 10:17; പ്രവൃത്തി 15:7). സത്യസന്ധമായ ഒരു ഹൃദയമുള്ളവർക്കേ കാര്യങ്ങൾ യഥാർത്ഥമായി ഗ്രഹിക്കാൻ പററൂ. അല്ലാത്തവർക്ക് സകലതും സംശയമായി അവശേഷിക്കും. ശാസ്ത്രമോ ഗണിതമോ ചരിത്രമോ ഏതൊന്നായാലും അതുപോലെ തന്നെയാണ് ദൈവത്തിന്റെ വചനം. നമ്മുടെ ഗ്രഹണ ശക്തിക്കതീതമായി വചനപ്രകാരം നമ്മെ ശിക്ഷക്കു വിധിക്കുവാൻ ദൈവം ദയയില്ലാത്ത, സ്നേഹമില്ലാത്ത, നീതിയില്ലാത്ത ദൈവമാണോ എന്നു താഴ്മയോടെ ചിന്തിക്കുക.

രക്ഷക്കായി പറഞ്ഞിട്ടുള്ള നിബന്ധനകളിൽ ഒന്നാണ് സുവിശേഷം കേൾക്കുക എന്നതു (യോഹന്നാൻ 6:44-45; എബ്രായർ 8:11). വചനം കേൾക്കയോ വായിക്കുകയോ ചെയ്താൽ മാത്രമെ വിശ്വാസം ശരിയായി തീരുകയുള്ളൂ. മററു രീതികളിൽ ഉണ്ടാകുന്ന വിശ്വാസം ദൈവഹിത പ്രകാരമുള്ളതല്ല. എങ്ങനെയെങ്കിലും വിശ്വസിച്ചാൽ മതി എന്നതു മാനുഷികമല്ല, ഹൃദയത്തിൽ നിന്നുണ്ടാകേണ്ട ഒന്നാണ് വിശ്വാസം. അതു വെറും മാനസികമായ തോന്നലല്ല എന്നു എല്ലാവരും അറിഞ്ഞിരിക്കണം.

പാപത്തിൽ നിന്നുള്ള മോചനം ആഗ്രഹിക്കുന്ന ഒരു വ്യക്തി, യേശുക്രിസ്തു പുത്രനാണെന്നു വിശ്വസിക്കണം (എബ്രായർ 11:6). വിശ്വാസം കൂടാതെ ആർക്കും ദൈവ

ത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല. ഒരു പാപി വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു; എന്നാൽ വിശ്വാസത്താൽ മാത്രമല്ല താനും (യക്കൊബ് 2:21-24). പാപിയെ ദൈവം രക്ഷിക്കുന്നതു യോഗ്യതാ പ്രവൃത്തികൾ പരിഗണിച്ചല്ല വിശ്വാസത്തിൻെറ പ്രവൃത്തികൾ നിമിത്തമത്രെ (യോഹന്നാൻ 6:28). വിശ്വാസത്താൽ മാത്രം രക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ, നിർജീവ വിശ്വാസത്താൽ രക്ഷ പ്രാപിപ്പാൻ ആഗ്രഹിക്കയാണ്. ആത്മാവില്ലാത്ത ശരീരം നിർജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജീവമത്രെ (യാക്കോബ് 2:26).

ദൈവത്തിൻെറ അത്ഭുതകരമായ വരമായിട്ടല്ല വിശ്വാസത്തെ നല്കിയിരിക്കുന്നത്. പ്രാർത്ഥനയുടെ ഫലമായി രക്ഷ പ്രാപിക്കും എന്നു കരുതേണ്ട. പ്രാർത്ഥനകളുടെ ഉപകാരപ്രദവും ശ്രേഷ്ഠവും ആണ്. എന്നാൽ അതു മററു കല്പനകൾക്ക് പകരമല്ല. ഉദാഹരണമായി വിശ്വാസത്തിനു പകരമായി മറെറാന്നില്ല. എൻെറ രക്ഷകനെന്നു വിശ്വസിക്കണം. പക്ഷെ ദൈവം പറഞ്ഞിരിക്കുന്ന വിധത്തിലേ ആകാവു. യേശു ക്രിസ്തു പറഞ്ഞു, വിശ്വസിക്കുകയും സ്നാന മേല്ക്കുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും... ഇതിനു പകരമായി എന്തു ചെയ്താലും ദൈവം അതു അംഗീകരിക്കയില്ല.

രക്ഷക്കുള്ള നിബന്ധനകളിൽ മറെറാന്നാണ് യേശു ക്രിസ്തുവിൻെറ കല്പനയായ മാനസാന്തരം അല്ല. മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊസ് 13:3). എന്താണ് മാനസാന്തരം? ധാർമ്മികവും ആത്മികവുമായ സകല തെററായ ചിന്തകളും പ്രവർത്തികളും ഉപേക്ഷിച്ചു ജീവിക്കുവാൻ തീരുമാനമെടുക്കുക എന്നതാണ് മനസാന്തരം (പ്രവൃത്തി 2:38; 2 പത്രൊസ് 3:9). ബൈബിളിലെ മാനസാന്തരത്തിൻെറ പ്രത്യക്ഷ ഉദാഹരണം നിനെവേയിലെ ജനങ്ങൾ നമുക്കു

കാണിച്ചു തരുന്നു "അവർ ദുർമാർഗ്ഗം വിട്ടു തിരിഞ്ഞു എന്നു ദൈവം അവരുടെ പ്രവൃത്തികളാൽ കണ്ടപ്പോൾ താൻ അവർക്കു വരുത്തും എന്ന് അരുളിച്ചെയ്തിരുന്ന അനർത്ഥമത്തെ കുറിച്ചു ദൈവം അനുതപിച്ചു. അതു വരുത്തിയതുമില്ല (യോനാ 3:10).

നൂററാണ്ടുകൾക്കു ശേഷം യേശു ക്രിസ്തു ഈ സംഭവത്തെ എടുത്തുകാണിക്കുന്നുണ്ട് (മത്തായി 12:41). ആ ചരിത്ര സംഭവത്തെ യേശു ക്രിസ്തു സ്ഥിരീകരിക്കയും ചെയ്തു. നിങ്ങളുടെ പ്രതികരണം എന്താണ്? പ്രിയ വായനക്കാരേ നിങ്ങൾ മാനസാന്തരത്തെ എന്തു ചെയ്യും?

രക്ഷയുടെ നിബന്ധനകൾക്കൊപ്പം നില്ക്കുന്ന മറെറാന്നാണ് "യേശു ദൈവ പുത്രനായ ക്രിസ്തു ആണെന്നുള്ള ഏററു പറച്ചിൽ". യോർദ്ദാൻ കരയിൽ യേശു സ്നാനമേററപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് പിതാവ് അരുളിചെയ്തു "ഇവൻ എന്റെ പ്രിയ പുത്രൻ ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന്. ഈ സത്യം വെളിപ്പെടുത്തിയതു ആളുകൾ വിശ്വസിക്കേണ്ടതിന്നത്രേ. പിന്നീട് മറുരൂപമലയിൽ, പത്രോസും, യാക്കോബും, യോഹന്നാനുമായിരുന്നപ്പോൾ മോശയും, ഏലിയാവും അവരോട് സംസാരിക്കുകയും ചെയ്തു. അപ്പോൾ സ്വർഗ്ഗത്തിൽ നിന്നു ദൈവം വീണ്ടും ഇവൻ എന്റെ പ്രിയ പുത്രൻ, ഞാൻ ഇവങ്കൽ പ്രസാദിച്ചിരിക്കുന്നു; ഇവനു ചെവി കൊടുപ്പിൻ എന്നു പറഞ്ഞു (മത്തായി 17:5).

ഒരിക്കൽ ആളുകൾ മോശയെയും ഏലിയാവിനേയും ശ്രദ്ധിക്കേണ്ടിയിരുന്ന ഒരു കാലമായിരുന്നു. എന്നാൽ അതു കഴിഞ്ഞുപോയി. അപ്പൊസ്തലന്മാരെ ലോകമെങ്ങും സുവിശേഷം പ്രസംഗിപ്പാൻ അയക്കുകയാണ് പിന്നീട് (മത്തായി 28:18-20; മർക്കോസ് 16:15-16).

★

(ശേഷം അടുത്ത ലക്കത്തിൽ)

എന്നു കർത്താവ് അരുളിച്ചെയ്തിരിക്കുന്നു (മർക്കൊസ് 9:23).

വിജയകരമായ ജീവിതം നയിക്കുന്നവൻ ധൈര്യശാലി ആയിരിക്കും. എളുപ്പവഴി വിട്ട് ദൈവത്തിന്റെ ശരിയായ വഴിയിൽ സഞ്ചരിക്കുവാൻ അവൻ ധൈര്യം കാണിക്കും. ദൈവം ആഗ്രഹിക്കുന്ന രീതിയിലുള്ള ജീവിത തത്വമായിരിക്കും അവൻ സ്വീകരിക്കുക. സത്യത്തിൽ ഉറച്ചു നില്ക്കാനുള്ള ധൈര്യമായിരിക്കും അത്. ഒരിക്കൽ ഭയപ്പെട്ടിരുന്ന ശിഷ്യൻമാർ അവർക്കു ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി ലഭിച്ചപ്പോൾ അവർ ധൈര്യശാലികളായി തീർന്നു. അവനെ മൂന്ന് പ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോസ് തന്റെ ആദ്യ പ്രസംഗത്തിൽ ധൈര്യം പൂർണ്ണമായി ആർജിച്ചെടുത്തു. പരസ്യമായി അവന്റെ പ്രസംഗം കേൾക്കുക; നിങ്ങൾ അധർമ്മികളുടെ കയ്യിൽ ഏല്പിച്ചു കൊന്ന യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും അറിഞ്ഞുകൊള്ളട്ടെ (പ്രവൃത്തി 2:36). പിന്നീട് അവർ, അടികൊണ്ടു, ചാട്ടവാർകൊണ്ട് അടികൊണ്ടു, തടവിൽ അടയ്ക്കപ്പെട്ടു, മരണഭീതിയിൽ അകപ്പെട്ടു. എങ്കിലും അവർ അതിധൈര്യത്തോടെ ദൈവ വചനം പ്രസംഗിച്ചു നടന്നു. പൌലൊസ് പറയുന്നതു: എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവ കൃപയുടെ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശു തന്ന ശുശ്രൂഷയും തികക്കേണം എന്നേ എനിക്കുള്ളു (പ്രവൃത്തി 20:24).

പൌലോസ് യെരുശലേമിൽ ചെന്നാൽ യെഹൂദൻമാർ അവനെ പിടിച്ച് തടവിലാക്കും എന്ന് പ്രവാചകൻ അരുളിച്ചെയ്തപ്പോൾ അവിടെ പൌലോസിനോടു കൂടെയുണ്ടായിരുന്ന സഹക്രിസ്ത്യാനികൾക്കു വിഷമമായി അവർ കരയാൻ തുടങ്ങി. അപ്പോൾ പൌലോസ് അവ

രോടു പറയുന്ന വാക്കുകൾ നോക്കുക. അതിനു പൌലോസ്; നിങ്ങൾ കരഞ്ഞു എന്റെ ഹൃദയം ഇങ്ങനെ തകർക്കുന്നതു എന്ത്? കർത്താവായ യേശുവിന്റെ നാമത്തിനു വേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല; യെരുശലേമിൽ മരിപ്പാനും ഞാൻ ഒരുങ്ങിയിരിക്കുന്നു (പ്രവൃത്തി 21:13). നമ്മുടെ വിശ്വാസത്തിനായി, തീർച്ചക്കായി ജീവിതത്തെ വിജയിപ്പിക്കുവാൻ നമുക്കു ധൈര്യം ആവശ്യമാണ്. ധൈര്യം ഇല്ലാതാകുമ്പോൾ നാം നിഷ്ക്രിയരായി മാറുന്നു. ഏതൊരു മനുഷ്യനും തന്റെ ജീവിതത്തിൽ ധൈര്യം പകരുന്ന ദൈവത്തിൽ ആശ്രയിക്കയും വേണം.

★

# വചനം കേട്ടു പ്രമാണിക്കുന്നവർ ഭാഗ്യവാൻമാർ

സണ്ണി ഡേവിഡ്

ശ്രദ്ധിക്കുക, ലൂക്കൊസിന്റെ സുവിശേഷം 11-ാം അദ്ധ്യായം 28-ാം വാക്യത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ദൈവ വചനം കേൾക്കുന്നവർ ഭാഗ്യവാൻമാർ എന്നല്ല. ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാൻമാർ. വചനം കേൾക്കുന്നതുപോലെ പ്രാധാന്യമുള്ളതാണ് വചനം പ്രമാണിക്കലും. ദൈവം പറഞ്ഞിരിക്കുന്നതു വായിക്കയും കേൾക്കുകയും അതിൻ പ്രകാരം അനുസരിക്കുകയും ചെയ്യുക എന്നതു മഹത്തായ കാര്യമാണ്. അതിനു പ്രതിഫലവുമുണ്ട്.

ദൈവം മനുഷ്യരോട് എപ്പോഴും സംസാരിച്ചിട്ടുണ്ട് എന്നതു അനുഗ്രഹിക്കപ്പെട്ട കാര്യമാണ്. ദൈവം തന്റെ ഹിതം മനുഷ്യന് എന്നും വെളിപ്പെടുത്തികൊടുത്തിട്ടുണ്ട്.

ഏദെൻ തോട്ടത്തിൽ ആദാമിനും ഹവ്വക്കും അതനുഭവിക്കാൻ നോഹയുടെ ജീവിതത്തിൽ അവൻ എന്തു ചെയ്യണമെന്നു അരുളപ്പാട് കൊടുത്തു. പിന്നീട് അബ്രഹാമിനോടും മോശയോടും ദൈവത്തിന്റെ ഇഷ്ടം എന്താണെന്നു അറിയിച്ചു. അവരിൽ കൂടെ അന്നുണ്ടായിരുന്ന ജനങ്ങളിലേക്കു അതു പകർന്നു കൊടുക്കുകയും ചെയ്തു. "ദൈവം പണ്ടു ഭാഗം ഭാഗം ആയിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു" എന്നു പുതിയ നിയമത്തിൽ എബ്രായ ലേഖകൻ വിവരിക്കുന്നു (എബ്രായർ 1:1-2). ദൈവപുത്രനായ യേശു ക്രിസ്തു ഒരിക്കൽ വചനമായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു. വചനം ജഡമായി, മനുഷ്യനായി നമ്മുടെ ഇടയിൽ പാർത്തു. ദൈവേഷ്ടം മനുഷ്യനോട് അറിയിക്കുവാനും കാണിച്ചു തരുവാനും ആയിരുന്നു അത് (യോഹന്നാൻ 1:1, 2, 14).

ഇന്നു ദൈവഹിതം എന്താണ്? ദൈവം നമ്മോടു കല്പിക്കുന്നതു എന്താണ് എന്നറിയുവാൻ നാം പുതിയ നിയമത്തിൽ കർത്താവു പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ വായിക്കണം. രക്ഷപ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യണം; സ്വർഗ്ഗത്തിൽ പോകുവാൻ എന്തു ചെയ്യണം എന്നിവ അറിയുവാൻ, സ്വീകാര്യമായ ആരാധന എങ്ങനെ എന്നെല്ലാം മനസിലാക്കുവാൻ, ദൈവം ആരിൽ കൂടെ സംസാരിക്കുന്നുവോ ആ വ്യക്തിയെയാണ് ശ്രദ്ധിക്കേണ്ടതു. ആ വ്യക്തി ക്രിസ്തുവാണ്. എങ്ങനെയാണ് ക്രിസ്തു സംസാരിക്കുന്നത്? ബൈബിളിലെ പുതിയ നിയമത്തിൽ കൂടെയാണ്. അവന്റെ ഉപദേശങ്ങളും കല്പനകളും രേഖപ്പെടുത്തിയിട്ടുണ്ട്. യേശു ക്രിസ്തു ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ താൻ തിരഞ്ഞെടുത്ത അപ്പൊസ്തലന്മാരെ ദൈവേഷ്ടം ഇന്നതെന്നു പഠിപ്പിക്കുകയുണ്ടായി. എന്നാൽ അവൻ മരിച്ചു അടക്കപ്പെട്ടു ഉയർത്തെ

ഴുന്നേററു സ്വർഗ്ഗത്തിൽ പോകുന്നതിനു മുൻപ് തന്നെ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അവർക്കു അയക്കുമെന്ന് വാഗ്ദാനം ഉണ്ടായിരുന്നു. ഉയിർപ്പിന്നു ശേഷം പരിശുദ്ധാത്മാവിനെ അവരിൽ അയക്കുകയും ചെയ്തു.

അപ്പൊസ്തലന്മാർ ലോകമെങ്ങും സുവിശേഷം അറിയിക്കയും യേശു പഠിപ്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളേയും ശിഷ്യരാക്കുകയും ചെയ്യണമായിരുന്നു (മത്തായി 28:18-20). യേശു ഒരിക്കൽ ശിഷ്യന്മാരോട് പറഞ്ഞതു കേൾക്കുക. ''ഇതിലും വളരെ നിങ്ങളോടു പറയുവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിക്കുവാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും'' (യോഹന്നാൻ 16:12-13). നമ്മുടെ ആത്മീയ ജീവിതം എങ്ങനെയായിരിക്കണം എന്നു ദൈവം അരുളിച്ചെയ്തിട്ടുണ്ട്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു വായിച്ച് മനസ്സിലാക്കി പ്രവർത്തിക്കും. പുതിയ നിയമത്തിൽ നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതൊക്കെ എഴുതി വച്ചിരിക്കുന്നു. അവ കണ്ടെത്തുക എന്നതു നമ്മുടെ ഓരോരുത്തരുടേയും കടമയാണ്.

ബൈബിളിലെ 66 പുസ്തകങ്ങളും ദൈവ വചനം തന്നെയാണ്. ദൈവശ്വാസീയരായ അപ്പൊസ്തലന്മാർ എഴുതിയ പുതിയ നിയമത്തിലെ ആജ്ഞകളും ചട്ടങ്ങളും ആണ് നാം ഇന്ന് അനുസരിക്കേണ്ടത്.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ബൈബിൾ പഠനവും ആത്മീയ വളർച്ചയും

ഡീൻ ഫ്യൂജററ്

തിരുവെഴുത്തുകളുമായി ബന്ധം പുലർത്താതിരിക്കയോ നിരന്തരമായ ബൈബിൾ പഠനങ്ങളെ അവഗണിക്കുകയോ ഒരാൾ ചെയ്താൽ അതിന്റെ അനന്തരഫലം ശോചനീയമത്രേ. എപ്പോൾ മുതൽ ദൈവം തന്റെ വചനം എഴുത്ത് രൂപേണ നല്കുവാൻ തുടങ്ങിയോ അപ്പോൾ മുതൽ മനുഷ്യർ അതു വായിക്കയും പഠിക്കയും ഗ്രഹിക്കയും വിശ്വസിക്കയും അനുസരിക്കയും ചെയ്യണമെന്നു ദൈവം കല്പിച്ചിരിക്കുന്നു. ഇസ്രായേൽ ജനത്തോട് അവൻ ആജ്ഞാപിച്ചതു അവർ ആ തലമുറയിലെ തങ്ങളുടെ മക്കളെ അതു പഠിപ്പിക്ക കൂടെ ചെയ്യണമെന്നാണ്. ഉദ്ദേശം വളരെ വ്യക്തമാണ്; അവരുടെ വിശ്വാസം നിലനില്ക്കണമെന്നതായിരുന്നു.

ഇന്നത്തെ ആത്മീയ ഇസ്രായേലിനു ഗൗരവമായ കുഴപ്പമുണ്ട് എന്നതു നിഷേധിക്കാനാവാത്ത സംഗതിയാണ്. നിത്യസംഭവങ്ങളെ നിരീക്ഷിച്ചാൽ നമ്മുടെ യുവാക്കൾ അധികവും നമുക്കു നഷ്ടമാകുന്നു എന്നു കാണാം. ഇവിടെ പറയുന്ന "നമ്മുടെ" എന്നതുകൊണ്ട് അർത്ഥമാക്കുന്നതു "രക്ഷകർത്താക്കളുടെ" അല്ലെങ്കിൽ "മാതാപിതാക്കളുടെ" എന്നത്രേ. നമ്മുടെ മക്കൾ അവരുടെ വിശ്വാസത്തിന്റെ വെല്ലുവിളിയെ നേരിടുവാൻ ഒരുങ്ങുന്നില്ല. ആ പരാജയം ആരംഭിക്കുന്നതു എവിടെയാണ്? മാതാപിതാക്കൾ ദൈവ വചനം പഠിക്കുന്നതിന്റെ പ്രാധാന്യം മക്കളെ പഠിപ്പിക്കാറില്ല. അവർ ആ മാതൃക

മക്കൾക്കു കാണിച്ചു കൊടുക്കുന്നുമില്ല. അതുകൊണ്ട് മക്കൾ ആ വഴിക്കു ചിന്തിക്കുകയോ പ്രവർത്തിക്കയോ ഇല്ല.

മാതാപിതാക്കൾ ഒരു പ്രാദേശിക ഇടവകയുടെ ഇടദിവസമുള്ള ബൈബിൾ പഠനത്തിനു തുടർച്ചയായി പോകുന്നുണ്ടാകാം. പക്ഷെ അവരുടെ മക്കൾ നഷ്ടപ്പെട്ടു പോകാറുണ്ട്. മക്കൾക്കു ആ അവസരം ഒരുക്കുന്നില്ല. വചനം പഠിക്കുവാനും അതു മനസ്സിലാക്കുവാനും കുട്ടികൾക്കു കഴിയാതെ വരുമ്പോൾ അവരുടെ ജീവിതം വിഭിന്നമായി മാറും. വീട്ടിൽ ദൈവ വചനം വായിക്കുകയും പഠിക്കുകയും ചെയ്യുന്നവർക്കേ ഇടവകയുടെ ബൈബിൾ പഠനങ്ങളിൽ സജീവമായി പങ്കെടുക്കാൻ കഴിയൂ. പലരും ഒഴിവുകഴിവുകൾ നിരത്താറുണ്ട്. ക്ലാസുകളിൽ സംബന്ധിക്കാൻ താല്പര്യമുണ്ടെന്നും എന്നാൽ പല കാരണങ്ങൾ കൊണ്ട് സാധിക്കുന്നില്ല എന്നൊക്കെ പറയുന്നതു കേൾക്കാം. ദൈവത്തോടു നിരപ്പു പ്രാപിക്കുവാൻ ദൈവം തന്നിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഏതെല്ലാമെന്നു നമ്മെ പ്രബോധിപ്പിക്കുന്ന അരുളപ്പാടുകളെ ശ്രദ്ധയോടെ പഠിക്കയും അതു ജീവിതത്തിൽ അനുസരിക്കയും വേണം.

മററുള്ളവർ ക്ലാസിനു വരുന്നില്ലല്ലോ. പിന്നെ ഞങ്ങൾ എന്തിനു വരണം എന്നു ചിന്തിക്കുന്നവർ ഉണ്ട്. അവർ മനുഷ്യരെയാണ് നോക്കുന്നത്; ദൈവം പറഞ്ഞിരിക്കുന്നതിനെയല്ല. മനുഷ്യരുടെ മാതൃക പിൻപററുവാനല്ല ദൈവം കല്പിച്ചിരിക്കുന്നത്. ദൈവത്തിന്റെ പ്രമാണങ്ങളാണ് നമുക്ക് വലിയത്. മാതാപിതാക്കൾ തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്നു ഒഴിഞ്ഞുമാറുന്നതു കൊണ്ട് അവരുടെ മക്കൾ മതപരമായി അവർക്കു നഷ്ടമാകുന്നു. ധാർമ്മികമായി അവരുടെ സ്വഭാവത്തിൽ വൈപരീത്യം കാണപ്പെടുന്നു. വിശ്വാസികൾക്കും അവിശ്വാസികൾക്കും തമ്മിലുള്ള വ്യത്യാസം ഇവിടെ പ്രകടമാകുന്നു. വിശ്വാസികൾ എന്നു പറയുമ്പോൾ ബൈബിളിലെ ഏക വിശ്വാസ

മാണ് ഞാൻ അർത്ഥമാക്കുന്നത്. അല്ലാതെ നാമധേയ വിഭാഗങ്ങളുടെ വിശ്വാസമല്ല. പ്രവർത്തിയോടുകൂടിയ വിശ്വാസത്തെയാണല്ലോ ദൈവം നീതീകരിക്കുന്നത്. അതുകൊണ്ട് മാതാപിതാക്കളും മക്കളും ഏക വിശ്വാസത്തിലാണെങ്കിൽ പ്രശ്നമില്ല. അല്ലെങ്കിൽ കുഴപ്പം തീർച്ചയാണ്.

ഒരു വീട്ടിൽ പത്തുപേർ ഉണ്ടെന്നു വിചാരിക്കുക. മാതാപിതാക്കളും മക്കളും അടങ്ങുന്ന ഈ കുടുംബത്തിലെ അംഗങ്ങൾ പലരും പല വിഭാഗങ്ങളിൽ ആണെങ്കിൽ പല വിശ്വാസക്കാരായിരിക്കും. മാതാപിതാക്കൾ ഒരു വിഭാഗത്തിൽ, മക്കൾ ഓരോരുത്തരും ഓരോ വിഭാഗത്തിൽ ആയി ജീവിക്കുന്നവരാണെങ്കിൽ ആ കുടുംബത്തിൽ ആത്മീയ ഐക്യം സാദ്ധ്യമല്ല. മാതാപിതാക്കൾക്കു മാതൃക കാണിപ്പാൻ കഴിയാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ദൈവ മക്കളായ മാതാപിതാക്കൾ അവരുടെ മക്കളെ ദൈവ മക്കളായി വളർത്തും എന്നു പറയുമ്പോൾ ദൈവത്തിന്റെ ഉപദേശപ്രകാരം വളർത്തും എന്നർത്ഥം. അല്ലാതെ അവരവർക്കു തോന്നുന്ന രീതിയിൽ ജീവിക്കുന്ന രീതി ദൈവഹിതത്തിനു വിപരീതമാണ്. പാറമേൽ വീടുപണിയുന്ന മനുഷ്യൻ ബുദ്ധിമാൻ എന്ന് കർത്താവ് പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യനു തന്റെ വഴികളെയും കാലടികളെയും സ്വാധീനമാക്കുവാൻ സാദ്ധ്യമല്ല എന്നു പ്രവാചകൻ മുന്നറിയിച്ചിരിക്കുന്നു (യിരെമ്യാവ് 10:23).

ക്രിസ്തു മുഖാന്തരം ദൈവം മനുഷ്യർക്കായി വെളിപ്പെടുത്തിയിരിക്കുന്ന സത്യം പഠിക്കുവാനുള്ള അവസരം കർത്താവിന്റെ സഭയിലെ എല്ലാ അംഗങ്ങൾക്കുമുണ്ട്. അവർ അതു യഥാവിധി ഉപയോഗിക്കണം. മാതാപിതാക്കളുടെ സംരക്ഷണത്തിൽ ഇരിക്കുന്ന മക്കളെ വലിച്ചിഴച്ച് ബൈബിൾ ക്ലാസിലേക്കു കൊണ്ടുവരുവാൻ പററുകയില്ല. അതുപോലെ ബൈബിൾ ക്ലാസിൽ വരാത്ത മാതാപിതാ

ക്കളെ പിടിച്ച് വലിച്ചു കൊണ്ടുവരുവാനും പററുകയില്ല. ഓരോരുത്തരും ദൈവിക പരിജ്ഞാനത്തിൽ എത്തണമെന്നു ദൈവം ആഗ്രഹിക്കുന്നു. അതിനായി ആരംഭം മുതൽ ദൈവം തന്റെ വചനം പഠിക്കുവാനും പഠിപ്പിക്കുവാനും കല്പന തന്നിരിക്കുന്നു. വീട്ടിലും സഭയിലും നാം അതു അധികം അധികം ചെയ്യേണ്ടതാകുന്നു.

*

# നമ്മുടെ വിജയത്തിനു ദൈവത്തിന്റെ പ്ലാൻ

**ക്ലെം തർമാൻ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

## ക്രിസ്ത്യാനി ധൈര്യത്തോടെ ജീവിക്കും

തന്റെ ശിഷ്യൻമാരുടെ ധൈര്യമില്ലായ്മയെകുറിച്ച് യേശു പലപ്പോഴും പരാമർശിച്ചിട്ടുണ്ട്. പത്രോസിനോടു ചോദിക്കുന്നതു നോക്കു; അല്പവിശ്വാസിയേ നീ എന്തിനു സംശയിച്ചു എന്നു പറഞ്ഞു. കാററു കണ്ടു പേടിച്ചു തുടങ്ങിയ പത്രോസിനോടാണ് കർത്താവ് ഇങ്ങനെ പറഞ്ഞത്. ചന്ദ്രരോഗം ബാധിച്ച ഒരു മനുഷ്യനെ ശിഷ്യന്മാർക്കു സുഖപ്പെടുത്തുവാൻ കഴിഞ്ഞില്ല. അതിന്റെ കാരണം ക്രിസ്തു പറയുന്നുണ്ട്. അല്പവിശ്വാസവും കോട്ടവുമുള്ള തലമുറ എന്നു പറഞ്ഞിരിക്കുന്നു. വിശ്വാസം കുറയുമ്പോൾ അധൈര്യത്തിലേക്ക് തരം താഴുന്നു. വിശ്വസിക്കുന്നവനു സകലവും കഴിയും.

# സ്വയം ഭരണാവകാശ ലംഘനം

റവ. റൈസ്

ഒരു ഇടവക മറ്റൊരു ഇടവകയുടെ സ്വയം ഭരണാവകാശത്തെ ലംഘിക്കുന്നതു തെറ്റാണ്. സ്വയം ഭരണാവകാശത്തെ ഉല്ലംഘിക്കുക എന്നെല്ലാം പറയുമ്പോൾ എന്താണ് സ്വയം ഭരണാവകാശം എന്ന കാര്യം നാം ശരിയായി മനസ്സിലാക്കണം. വേദപുസ്തക പ്രകാരം കർത്താവിന്റെ സഭയായി നിലനില്ക്കുന്ന ഒരു പ്രാദേശിക സഭ അതിന്റെ ഭരണപരമായ കാര്യങ്ങൾ അവിടെയുള്ള അദ്ധ്യക്ഷന്മാർ അല്ലെങ്കിൽ പക്വതയും പരിജ്ഞാനവുമുള്ള പുരുഷന്മാർ കൂടി തീരുമാനിച്ച് നടത്തുക എന്നതാണ് ശരിയായ നിലപാട്. മറ്റു പ്രദേശത്തുള്ള ഏതെങ്കിലും ഒരു സഭ അവിടെയുള്ളവരെ സഹായിക്കുകയോ വചന പ്രകാരം നിർദേശിക്കുകയോ ചെയ്യുന്നതു എല്ലാം ദൈവേഷ്ടപ്രകാരമായിരിക്കും. സ്വയം ഭരിക്കുവാനുള്ള അവകാശം ഓരോ പ്രാദേശികഇടവകകൾക്കും ഉണ്ട്. അവരുടെ ദൈനംദിന ഭരണകാര്യങ്ങളിൽ മറ്റൊരു സഭയ്ക്ക് കൈകടത്താൻ അനുവാദമില്ല. സ്വയം ഭരണാവകാശം ലംഘിക്കുന്ന ഉപദേഷ്ടാക്കന്മാർ അവരുടെ തെറ്റു മനസ്സിലാക്കിയിരിക്കണം എന്നതു ഒഴിച്ചുകൂടാനാവാത്ത സത്യമാണ്.

ആദ്യമായി സ്വയം ഭരണാവകാശത്തെ നിർവ്വചിച്ചോട്ടെ. സ്വയം ഭരണാവകാശം എന്ന വാക്ക് ബൈബിളിൽ ഇല്ല എന്നതു സമ്മതിക്കുന്നു. സ്വയമായി ഭരിക്കുന്ന ഒരു അവസ്ഥയ്ക്ക് അല്ലെങ്കിൽ സ്വഭാവത്തിന് സ്വയം ഭരണാവകാശം എന്നു പറയാം. ഭൂമിയിൽ എവിടെയെങ്കിലും ഒരു ഹെഡ് ക്വാർട്ടേഴ്സ് സ്ഥാപിച്ച് സഭകളെയെല്ലാം അതിന്റെ നേതൃത്വത്തിൽ നിയന്ത്രിക്കുക എന്നതും ഒരു സഭ എന്തു ചെയ്യണമെന്ന് മറ്റൊരു സഭ പറയുന്നതുമെല്ലാം അവകാശ

ലംഘനമായി തീരും. ഒരു സഭയുടെ തീരുമാനം മററൊരു സഭയെ അടിച്ചേല്പ്പിക്കുന്ന സ്വയംഭരണാവകാശലംഘനം തന്നെയാണ്. ക്രിസ്തുവിൻെറ സഭയുടെ ഏകകേന്ദ്രം സ്വർഗ്ഗമാണ് (എഫെസ്യർ 1:22-23). മൂപ്പന്മാർ അല്ലെങ്കിൽ അദ്ധ്യക്ഷൻമാർ അവർ അംഗങ്ങളായിരിക്കുന്ന സഭയെ മേയ്ക്കുന്നവരാണ് (പ്രവർത്തി 20:28;1 തിമൊഥെയോസ് 3:5). മേയ്ക്കുന്നതിനുള്ള അവരുടെ നിലവാരം തിരുവചനവുമാണ് (തീത്തോസ് 1:9). അധികാരകേന്ദ്രമായ ദൈവത്തിൻെറ വചനമെന്ന മാനദണ്ഡ പ്രകാരമായിരിക്കണം അവർ സ്വയഭരണം നടത്തേണ്ടത്.

ഇപ്പോരം താഴെപ്പറയുന്ന ചോദ്യങ്ങരം പരിഗണിക്കാവുന്നതാണ്. 1 ക്രിസ്തുവിൻെറ സഭയാകുന്ന പ്രാദേശിക ഇടവക ഒന്നിൽ ഞാൻ അംഗമല്ലാതിരിക്കെ അതിൽ നടക്കുന്ന തെററായ പരിശീലനങ്ങളെ തിരുത്തുവാൻ ഞാൻ അവരെ സ്വാധീനിക്കുന്നതു സ്വയം ഭരണാവകാശലംഘനമാകുമോ? ഒരു ഇടവക പ്രസിദ്ധീകരിക്കുന്ന മാസികയിലോ ലേഖനങ്ങളിലോ ഉപദേശപരമായ തെററുകരം കാണുമ്പോരം, അതു തിരുത്തുകയോ മാസികയിൽകൂടെയോ ലേഖനത്തിൽ കൂടെയോ ശരിയായതു എന്ത് എന്നു വ്യക്തമാക്കുന്നത് സ്വയം ഭരണാവകാശലംഘനമാകുമോ?. ഒരുസഭയിലെ എല്ലാവരും ഒരു തെററു പരിശീലിച്ചുകൊണ്ടിരിക്കുമ്പോരം അവിടത്തെ ഒരാളെയോ ഒന്നിലധികം പേരെയോ ആ തെററ് ചെയ്യരുതെന്നു അറിയിക്കുന്നതു ആ ഇടവകയുടെ സ്വയംഭരണാവകാശ ലംഘനമോ? ഇതിനെല്ലാം തറപ്പിച്ചു പറയാവുന്ന ഉത്തരം അല്ല എന്നതാണ്. ഒരു സഭയിലെ തെററു ചൂണ്ടിക്കാണിക്കുമ്പോരം അവരുടെ സ്വയം ഭരണാവകാശം ഉപയോഗിക്കുവാൻ അവരെ സഹായിക്കുകയാണ് ചെയ്യുന്നത്. ആ സഭയിൽ എനിക്ക് അധികാരസ്ഥാനം ഒന്നും ഇല്ലാത്തതിനാൽ അവരുടെ തെററു തിരുത്തും എന്ന പ്രത്യാശ വച്ചു പുലർത്താനേ കഴിയു. ഞാൻ അധികാരസ്ഥാനത്താണെങ്കിൽ അവർ എൻെറ തീരുമാനത്തിനു കീഴ്

പ്പെടുമായിരുന്നു. സാധാരണ രീതിയിൽ തെററുകൾ പരിശീലിക്കുന്ന ഇടവകയെ അതു ബോദ്ധ്യപ്പെടുത്തുമ്പോൾ അതു സ്വയം ഭരണാവകാശമാണെന്ന് ന്യായീകരിക്കുന്നതു ശരിയല്ല. സ്വാതന്ത്ര്യത്തിലേക്കു നമ്മെ വിളിച്ചിരിക്കുന്നതു ദൈവ കൃപയെ വ്യർത്ഥമാക്കുവാനല്ല. സ്വയം ഭരണാവകാശത്തെ ആളുകൾ ഇന്നു തെററിദ്ധരിക്കുന്നതു കൊണ്ടാണ് അവർക്ക് അതുൾക്കൊള്ളാൻ കഴിയാത്തത്.

പൌലൊസും, യാക്കൊബും, പത്രൊസും ഓരോ പ്രദേശത്തുമുള്ള ഇടവകക്കാർക്കും ലേഖനമെഴുതുമ്പോൾ അവരുടെ ഇടയിലെ തെററുകൾ തിരുത്തുവാൻ ആവശ്യപ്പെട്ടതു സ്വയംഭരണാവകാശലംഘനമാണോ? ഒരിക്കലുമല്ല. ദൈവത്തെ അനുസരിക്കുവാൻ ദൈവശാസിയരായവർ അല്ലാത്തവരെ ആഹ്വാനം ചെയ്യുകയായിരുന്നു. അപ്പോൾ പിന്നെ ഇന്നു ചില ഇടവകകളിൽ കാണപ്പെടുന്ന കാര്യങ്ങൾ പുതിയ നിയമമനുസരിച്ചല്ല എന്നു തിരുവെഴുത്തിൻ പ്രകാരം പ്രസ്താവിക്കുന്നതു എങ്ങനെ സ്വയംഭരണാവകാശ ലംഘനമാകും? സത്യമാണല്ലൊ സഭക്കു അടിസ്ഥാനം. നാമധേയ വിഭാഗങ്ങൾക്കു സത്യം ബാധകമല്ല. എന്നാൽ കർത്താവിൻെറ സഭയുടെ കാര്യത്തിൽ സത്യമാണ് അതിൻെറ തൂണും അടിസ്ഥാനവും. ഈ ഇടവകകൾ ചില കാര്യങ്ങളിൽ സത്യം അനുസരിച്ചിട്ടില്ലെങ്കിൽ അവസാനം അവരുടെ നിലവിളക്കു അവരിൽ നിന്നു ദൈവം എടുത്തു കളയുമെന്ന് വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. തെററു ചെയ്യുന്ന ഏതൊരു സഭയിലെ വ്യക്തിയായാലും വ്യക്തികളായാലും അവരെ അതു മനസിലാക്കി കൊടുക്കണം. അവർ മാനസാന്തരപ്പെട്ട് തങ്ങളുടെ ആദ്യസ്നേഹവും പ്രവൃത്തിയും ദൈവത്തോടും അവൻെറ വചനത്തോടും കാണിക്കണം (വെളിപ്പാട് 2:5).

ഒരു സഭയുടെ പാപം പങ്കിടുന്ന പ്രവൃത്തിയെ എടുത്തു കാണിക്കുന്ന ഏതൊരു സന്ദർഭമായാലും അതു ഈ

ലേഖകനു മനസിലാക്കാൻ കഴിയും. അതു സ്വയംഭരണാവകാശ ലംഘനമെന്ന പേരിൽ ന്യായീകരിക്കുന്ന പ്രവണത മനസിലാക്കാനും കഴിയുന്നില്ല. ഒരു സഭ അതിനു തന്നെ ഭരണം നടത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നടത്താം. അല്ലെങ്കിൽ നടത്തുകയില്ലതാനും. ഭരണപരമായ കാര്യങ്ങളിൽ മാനസാന്തരം അല്ലെങ്കിൽ തെററു തിരുത്തൽ ഉൾപ്പെടാത്ത സാഹചര്യം ഉണ്ടാകുന്നതു കൊണ്ടാണ് ഇത്തരം ഇടപെടൽ ഉണ്ടാകുന്നത്. എന്നാൽ തെററു ചെയ്യാത്ത വ്യക്തികൾ അടങ്ങുന്ന ഏതൊരു സ്ഥലത്തെയും ക്രിസ്തുവിന്റെ സഭയെ ഭരിക്കുവാൻ മറെറാരു വ്യക്തിക്കോ സഭയ്ക്കോ അധികാരമില്ല എന്നു തീർത്തു പറഞ്ഞുകൊള്ളട്ടെ. ബൈബിൾ സംബന്ധമല്ലാത്ത കാര്യങ്ങൾ ഓരോ സഭയ്ക്കും ഓരോ രീതിയിലായിരിക്കും പ്രവർത്തിക്കുക. അതു കൊണ്ട് പുറത്തുള്ളവർക്കു അതു വ്യക്തമായി അറിയാത്തതാകയാൽ അതിനെക്കുറിച്ച് വിലയിരുത്തിയാൽ ശരിയായിരിക്കയില്ല.

ഒരു പ്രദേശത്തുള്ള സഭയുടെ പ്രവർത്തനങ്ങളിൽ അതിക്രമിച്ച് കടന്നുചെന്ന് പ്രവർത്തിക്കുന്നതു സ്വയംഭരണാവകാശ ലംഘനമാകും. അവർ സഹായത്തിനായി ആവശ്യപ്പെട്ടാൽ ചെന്ന് അവരുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കാം. പ്രാദേശിക ഇടവകകളുടെമേൽ കർത്തൃത്വം നടത്തുവാൻ പുറത്തുള്ള അംഗങ്ങൾക്കോ സഭകൾക്കോ അവകാശമില്ല. വിശ്വസ്തമായ ഒരു സഭയും തെററില്ലാതെ പ്രവർത്തിക്കുന്ന സഭയുടെ കാര്യങ്ങളിൽ കൈകടത്തുകയില്ല. ഒരു പ്രദേശത്തെ സഭയിൽ അംഗങ്ങൾ കുറവായതു കൊണ്ട് അവരെല്ലാം മറെറാരു ഇടവകയിൽ അംഗത്വം സ്വീകരിക്കണമെന്നോ ഒരിടത്തു ആരാധനക്കു സ്വന്തം കെട്ടിടം വേണ്ടാ, വാടകയ്ക്കുള്ള കെട്ടിടത്തിൽ മതി എന്നും മററും മറെറാരു സഭ തീരുമാനിക്കുകയാണെങ്കിൽ അതു സ്വയംഭരണാവകാശ ലംഘനം തന്നെയാണ്.

★

# യഥാർത്ഥ മാനസാന്തരം

## ആശാ സിദ്ധാർത്ഥൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

മാനസാന്തരത്തിന്റെ ഒരു അവസ്ഥ നമുക്ക് യഥാർത്ഥത്തിൽ ഉണ്ടാകേണ്ടത് നമ്മെത്തന്നെ ദൈവത്തിന്റെ സന്നിധിയിൽ ഒന്നുമില്ലാത്തവരെപ്പോലെ വിചാരിക്കുമ്പോഴാണ് ആണ്. ദൈവത്തിനോട് പ്രാർത്ഥിക്കണം. അവന്റെ വചനം നമ്മിൽ സ്പർശിക്കുന്നതിനായി അതിൽ നമുക്ക് വലിയ ഒരു മാററം ഉണ്ടാകുന്നതിനായി, അവന്റെ വചനത്തെ പ്രസംഗിക്കുന്നതിനായി പ്രാർത്ഥിക്കാം. ദൈവം നമ്മെ സ്പർശിക്കുന്നതിനായി, അവനെ ആരാധിക്കുന്നതിൽ പൂർണ്ണമായി പങ്കുകൊള്ളുന്നതിനായി, അവൻ നമ്മെ സുഖപ്പെടുത്തുന്നതിനായി എല്ലാ ദിവസവും നമുക്ക് പ്രാർത്ഥിക്കാം.

ഇയ്യോബ് ഒരു തൽക്കാല സുഖത്തിനായി ഒരു ഓട്ടുകഷണത്താൽ ചൊറിയാൻ ആരംഭിച്ചു. നമുക്കും ഒരു ഓട്ടുകഷണം ഉണ്ട് (സങ്കീർത്തനം 22:15). ''എന്റെ ശക്തി ഓട്ടുകഷണം പോലെ ഉണങ്ങിയിരിക്കുന്നു. എന്റെ നാവ് അണ്ണാക്കോട് പററിയിരിക്കുന്നു. നീ എന്നെ മരണത്തിന്റെ പൊടിയിൽ ഇട്ടുമിരിക്കുന്നു.

ആ അവസ്ഥ യേശുക്രിസ്തുവിന് ഉണ്ടായിട്ടുണ്ട്. അവൻ ഗൊൽഗോഥാ മലയിൽ കുരിശിൽ തറയ്ക്കപ്പെട്ടു. അവൻ രാവിലെ ഒൻപതു മണിയിൽ തുടങ്ങി മൂന്നു മണി വരെ തൂങ്ങിക്കൊണ്ടിരുന്നു. അവന്റെ ശരീരത്തിൽ 5 മുറിവുകൾ ഉണ്ടായിരുന്നു. അവന്റെ ശരീരത്തിലെ എല്ലാ തുള്ളി രക്തവും വെടിഞ്ഞ് വെള്ളവും വന്ന് അങ്ങനെ അവൻ ഒരു ഓട്ടുകഷണം പോലെ ആയി തീർന്നു. മൂന്നു

റോളം പ്രവാചകന്മാരാൽ യേശുക്രിസ്തുവിനെക്കുറിച്ച് പറയപ്പെടുന്നതും സങ്കീർത്തനം 22-ൽ പറയുന്നതും യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തെക്കുറിച്ചാണ്. അവന്റെ രക്തം നമുക്കാണ് ചിന്തപ്പെട്ടത്. അങ്ങനെയാണ് അവൻ എല്ലാം നഷ്ടപ്പെട്ട ഉണങ്ങിയ ഓട്ടുകഷണം പോലെയായത്. ഇതേ ഓട്ടുകഷണം ആണ് ഇയ്യോബ് തന്റെ ശരീരത്തെ ചൊറിയുന്നതിനായി ഉപയോഗിക്കുന്നത്. പ്രിയ സഹോദരി, സ്നേഹിതേ നിങ്ങളും ഉപയോഗിക്കേണ്ടതായ ഒരു ഓട്ടുകഷണം ഉണ്ട്. നമ്മുടെ പാപങ്ങളെ പോക്കാൻ യേശുക്രിസ്തുവെ നാം ഉപയോഗപ്പെടുത്തണം (സങ്കീർ: 24:4). ''ഞാൻ യഹോവയോടപേക്ഷിച്ചു അവൻ എനിക്കുത്തരം അരുളി, എന്റെ സകല ഭയത്തിൽ നിന്നും എന്നെ വിടുവിച്ചു''.

ദൈവം നമ്മുടെ ഭയങ്ങളിൽ നിന്ന് നമ്മെ വിടുവിക്കുന്നവനായിരിക്കുന്നു. നമ്മുടെ ജീവിതം ഭയത്താൽ നിറഞ്ഞിരിക്കുന്നു. വിരോധി നമുക്കെതിരെ പഴികളെയും ദൂഷണങ്ങളെയും എറിഞ്ഞുകൊണ്ടിരിക്കുന്നു. യഹോവ നമ്മുടെ രക്ഷകനായിരിക്കുന്നു (സങ്കീർ: 34:6). ''ഈ എളിയവൻ നിലവിളിച്ചു യഹോവ കേട്ടു. അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ രക്ഷിച്ചു'' (സങ്കീർ: 34:10). ''ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നൻമയ്ക്കും കുറവില്ല''.

അതിനാൽ നാം നമ്മുടെ ആഹാരത്തിനായും വസ്ത്രത്തിനായും ഇരിപ്പിടത്തിനായും വിചാരപ്പെടേണ്ട. യിസ്രായേൽ ദൈവം തന്റെ മക്കളെ മരുഭൂമിയിൽ വഴിനടത്തിയിരിക്കുന്നു. എന്ന് നമുക്ക് കാണിച്ചുതന്നിരിക്കുന്നു. 40 വർഷം അവർ മന്ന ഭക്ഷിച്ചു. അവർ വിതച്ചതുമില്ല, കൊയ്തതുമില്ല, അവർക്ക് മറ്റുള്ളവരിൽ നിന്ന് ഒരു സഹായവും കിട്ടിയില്ല, ദൈവം അവരെ വഴിനടത്തി, അവരെ ഉടുപ്പിച്ചു, പോഷിപ്പിച്ചു. ഇതാണ് ദൈവം തന്റെ മക്കൾക്കായി മുൻകൂട്ടി കരുതുന്നത്.

(ഇയ്യോബ് 42:6) - "ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്തു പൊടിയിലും ചാരത്തിലും കിടന്ന് അനുതപിച്ചു".

അവസാനം എന്തെന്നാൽ ഇയ്യോബ് എല്ലാം സഹിച്ചു. തന്നെത്താൻ വെറുത്ത് അവൻ അനുതപിച്ചു. ഇതാണ് യഥാർത്ഥ മാനസാന്തരം. നാം നമ്മെ മുഴുവനായി വെറുക്കുന്നില്ല. നാം നമ്മെ തന്നെ വെറുക്കാതിരുന്നാൽ യഥാർത്ഥ മനസാന്തരം ഉണ്ടാവുകയില്ല. ഇപ്പോഴാം ഇയ്യോബിന് തൻെറ വഴി തെളിവാകുന്നു. യഹോവയിൽ ചെല്ലേണ്ട യഥാർത്ഥ വഴിയെ അവൻ കണ്ടുപിടിക്കുന്നു. അതിനാൽ യഹോവ അവനെ രണ്ട് മടങ്ങ് അനുഗ്രഹിക്കുന്നു. അതുപോലെ നാമും നമ്മുടെ സ്വയന്യായീകരണത്തെ വിട്ടു നമ്മുടെ ഹൃദയത്തെ താഴ്ത്തി ദൈവത്തിൻെറ സന്നിധിയിൽ വന്നാൽ ദൈവം നമ്മെ ആശീർവദിക്കും. നമുക്ക് ദൈവത്തിന് നല്ല ഫലത്തെ കൊടുക്കുന്നവരായിരിക്കാം.

★

# പാപമോചനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ

## വിൽഫ്രെഡ് ക്ലാർക്ക്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

അതുകൊണ്ട് അപ്പൊസ്തലൻമാർ എങ്ങനെ പാപം മോചിച്ചുകൊടുത്തു എന്നു മനസിലാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. പരിശുദ്ധാത്മശ്വാസിയരായി അവർ പ്രസംഗിച്ച വചനം കേട്ട് വിശ്വസിച്ച് അനുസരിച്ചവർക്ക് ദൈവം പാപം മോചിച്ചു കൊടുത്തു വരുന്നു (യോഹന്നാൻ 16:13) ഈ വിഷയത്തിൽ എന്തും ചെയ്യുവാനോ പറയുവാനോ അല്ല അവരെ ആക്കിയത്. മറിച്ച് ദൈവാത്മാവ് സംസാരിക്കേണ്ടതു സംസാരിക്കുവാനും എഴുതേണ്ടത് എഴുതുവാനും അവരെ സഹായിച്ചിരുന്നു. സത്യം മാത്രം പ്രസ്താവിച്ചുകൊണ്ടു

ആത്മാവിനു കീഴ്പ്പെട്ടു പ്രവർത്തിച്ചിരുന്നവരായിരുന്നു അവർ. കർത്താവ് കല്പിച്ച പ്രമാണങ്ങൾ മാത്രമായിരുന്നു അവരുടെ ഉപദേശങ്ങളിൽ ഉണ്ടായിരുന്നത് എന്നു സ്പഷ്ടം.

യെരുശലേമിലെ അപ്പൊസ്തലന്മാരുടെ പ്രസംഗത്തെ നിരീക്ഷിക്കുമ്പോൾ അതിന്റെ അവസാനം അവർ പാപമോചനവും രക്ഷയും എങ്ങനെ കൈവരിക്കാമെന്നു പഠിപ്പിക്കുന്നതായി തെളിയുന്നുണ്ട് (പ്രവൃത്തി 2:38). നിബന്ധന കൂടാതെയുള്ളതല്ലാ ഈ വിമോചനം എന്നു നമുക്കു കാണാവുന്നതാണ്. പത്രൊസ് കൊർന്നെല്യോസിന്റെ ഭവനത്തിൽ അരുളിച്ചെയ്തതു ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. "അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്ന് സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു" (പ്രവൃത്തി 10:43). വിശ്വാസമെന്ന നിബന്ധന പാപമോചനത്തിൽ ഉൾപ്പെട്ടിരിക്കുന്നതായി പത്രൊസ് വിവരിക്കുന്നു. നിബന്ധന കൂടാതെ ആരുടേയും പാപങ്ങൾ അപ്പൊസ്തലന്മാർ മോചിച്ചു കൊടുത്തിരുന്നില്ല എന്ന കാര്യം പ്രത്യേകം ഓർമ്മിക്കുക.

ക്രിസ്തുവിന്റെ ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷം അപ്പൊസ്തലന്മാരുടെ ആദ്യത്തെ സുവിശേഷ പ്രസംഗം എടുത്താൽ, പത്രൊസ് പ്രസംഗിച്ചത് കേട്ടവരിൽ ചലനം ഉണ്ടാക്കി. അവരിൽ കുററബോധം ഉണ്ടാവുകയും സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു പത്രോസിനോടും ശേഷമുള്ള അപ്പൊസ്തലന്മാരോടുമുള്ള ചോദ്യത്തിനു പത്രൊസ് മറുപടി പറഞ്ഞു: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മ ദാനം ലഭിക്കും എന്നു പറഞ്ഞു.

*

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** —The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI** —Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU** —The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL** —"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM** —The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA** —The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To